## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 242 — 09.03.2015-ൽ മറുപടിയ്ക്ക്

### മുൻ ചീഫ് സെക്രട്ടറിയ്ക്കെതിരെ വിജിലൻസ് അന്വേഷണം

| | ചോദ്യം<br>ശ്രീ. പി.കെ.ഗുരുദാസൻ | | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ.ഭരത് ഭൂഷൻ അനധികൃത സ്വത്ത് സമ്പാദിച്ചുവെന്ന ആക്ഷേപം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം ഇപ്പോൾ ഇത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ സത്വരാന്വേഷണം പൂർത്തിയായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സിവിൽ വ്യോമയാന ഡയറക്ടർ ജനറലായിരിക്കേ ശ്രീ.ഭരത് ഭൂഷൻ സ്വകാര്യ കമ്പനിയുടെ ഹെലികോപ്റ്ററിൽ നടത്തിയ യാത്രകൾ ഔദ്യോഗികമായിരുന്നുവോ; ഇത് സംബന്ധിച്ച് വ്യോമയാന മന്ത്രാലയത്തിൽ നിന്നുള്ള വിവരങ്ങൾ വിജിലൻസ് സംഘത്തിന് ലഭിച്ചിട്ടുണ്ടോ; | (ബി) | വിവരം ലഭ്യമല്ല. |
| (സി) | ജമ്മുകാശ്മീർ സർക്കാരിന്റെ ഹെലികോപ്റ്ററിൽ അമർനാഥിലേയ്ക്ക് ഭാര്യയുമൊത്ത് ഭരത് ഭൂഷൻ നടത്തിയതായി പറയപ്പെടുന്ന ക്രമവിരുദ്ധ യാത്രയെക്കുറിച്ചുള്ള വിവരങ്ങൾ വിജിലൻസ് തേടിയിട്ടുണ്ടോ; | (സി) | |
| (ഡി) | മുൻ ചീഫ് സെക്രട്ടറി, നിയമവിരുദ്ധമായി പ്രവൃത്തിച്ചതായി ഉന്നയിക്കപ്പെട്ട ഏതെല്ലാം ആരോപണങ്ങൾ സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണം നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇതു സംബന്ധിച്ച് നിലവിൽ മറ്റ് അന്വേഷണങ്ങൾ ഒന്നും നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ